പോളിടെക്നിക് കോളേജ്: കെ.പി.സി.ആർ. വാർഷിക വരുമാനം 42,000 രൂപയ്ക്ക് താഴെയുള്ള കുട്ടികൾക്ക് ലംപ്സം ഗ്രാന്റായി 100 രൂപയും മാസം 50 രൂപ വച്ച് വർഷത്തിൽ 500 രൂപയും നൽകുന്നു. എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റായി 270 രൂപ മുതൽ 315 രൂപ വരെ അവരവരുടെ ദൂരപരിധിക്കനുസരിച്ച് നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റായി 375 രൂപയും നൽകുന്നു. കൂടാതെ ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പോക്കറ്റ് മണിയായി 65 രൂപയും നൽകുന്നു. ടി.എസ്.പി. സ്കീം അനുസരിച്ച് കാൽക്കുലേറ്റർ, ഡ്രോയിങ് ഇൻസ്ട്രമെന്റ്സ്, ടെസ്റ്റ് ബുക്ക് എന്നിവയ്ക്ക് 500 രൂപയും നൽകുന്നു പ്രോജക്ട് അലവൻസായി 2000 രൂപയും നൽകുന്നുണ്ട്.

എഞ്ചിനീയറിംഗ് കോളേജ്: കെ. പി. സി. ആർ. വാർഷിക വരുമാനം 42,000 രൂപയ്ക്ക് താഴെയുള്ള കുട്ടികൾക്ക് സ്റ്റൈപെന്റ് 200 രൂപയും 35,000 രൂപ വരെയുള്ള ഫീസിന് റീ-ഇംപേഴ്സ്മെന്റ് നൽകുകയും ചെയ്യുന്നു. എസ്.സി./എസ്.റ്റി/ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് വർഷം 6760 രൂപ വരെയുള്ള ഫീസിന് റീ-ഇംപേഴ്സ്മെന്റ് നൽകുന്നു. കൂടാതെ ദൂരപരിധി അനുസരിച്ച് 270 രൂപ മുതൽ 315 രൂപ വരെ ഡി.എ.-യും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പോക്കറ്റ് മണിയായി 80 രൂപയും ലംപ്സം ഗ്രാന്റായി 1000 രൂപയും നൽകുന്നു.

എ. ഐ. സി. റ്റി. ഇ. അംഗീകാരമില്ലാത്ത പോളിടെക്നിക്കുകൾ

105 [688] *ശ്രീ. സ്റ്റീഫൻ ജോർജ്:*
,, *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങളുടെ അപര്യാപ്തതമൂലം എ.ഐ.സി.റ്റി.ഇ. അംഗീകാരമില്ലാത്ത എത്ര പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയ്ക്ക് അംഗീകാരം ലഭിക്കുന്നതിനായി എന്തു നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം പണിയുന്നതിന് എന്തെങ്കിലും നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെട്ടിടങ്ങളുടെ അപര്യാപ്തതമൂലം എ.ഐ.സി.റ്റി.ഇ. അംഗീകാരമില്ലാത്തതിനാൽ അത്തരം പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം തുടർന്നും ലഭ്യമാക്കുന്നതിന് സ്ഥിരമായ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന് ആവശ്യമായ 20 ഏക്കർ സ്ഥലം കടുത്തുരുത്തി പഞ്ചായത്ത് ഏറ്റെടുത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. 2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെട്ടിട നിർമ്മാണത്തിനായി 97,000 രൂപ മാത്രമേ വകകൊള്ളിച്ചിരിന്നുള്ളു. 2005-2006 വർഷത്തേക്കുള്ള സപ്ലിമെന്ററി ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയറോട് (പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ) ആവശ്യപ്പെട്ടിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല ബി. ടെക്. (സെമസ്റ്റർ) പരീക്ഷകൾ/ പരീക്ഷാഫലം എന്നിവ വൈകുന്നതിനുള്ള കാരണം

106 [689] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ബി. ടെക്. (സെമസ്റ്റർ) പരീക്ഷകൾ വൈകുന്നതും നേരത്തെ നടത്തിയ പരീക്ഷകളുടെ റിസൾട്ട് വൈകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പരീക്ഷകൾ വൈകുന്നതും ഫലപ്രഖ്യാപനം വൈകുന്നതുംമൂലം കുട്ടികളുടെ ഉപരിപഠനത്തിന് സാദ്ധ്യതകൾ ഇല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വകലാശാലയുടെ ബി. ടെക്. പരീക്ഷകൾ ജൂൺ, ഡിസംബർ മാസങ്ങളിൽ രണ്ട് സെഷനായി നടത്തിവരുന്നു. കലാശാലയോട് അഫിലിയേറ്റ് ചെയ്ത എഞ്ചിനീയറിംഗ് കോളേജുകളുടെ വർദ്ധനവും മൂല്യനിർണ്ണയത്തിന് കലാശാല അനുശാസിക്കുന്ന യോഗ്യതയും പരിചയവും ഉള്ള അദ്ധ്യാപകരുടെ അഭാവവും കാരണം പരീക്ഷകളുടെ നടത്തിപ്പും റിസൾട്ടും വൈകുന്നുണ്ട്. ഇതു കൂടാതെ വിദ്യാർത്ഥികളുടെ പഠന പഠനേതര വിഷയങ്ങളുമായി ബന്ധപ്പെട്ട ദിവസ നഷ്ടവും പരീക്ഷകൾ സമയബന്ധിതമായി നടത്താൻ കഴിയാതെ വരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്രീകൃത മൂല്യനിർണ്ണയ രീതിയാണ് അലവംബിച്ചുപോരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly